# നിഴലില്ലാത്ത ഞാൻ..



മുനവ്വർ വളാഞ്ചേരി

യാഥാർഥ്യത്തിന്റെ
ഉണർച്ചയിലും
കിനാവിന്റെ
മഞ്ഞ് പുതപ്പിലും
ഒരു നിഴൽപ്പാടിന്റെ
മുഖം വിരി...

അടയാളമിട്ടുവെക്കാത്ത
ജീവിതത്താളുകൾ
അലക്ഷ്യമായി
വായിച്ചു തീർക്കവെ,
വാക്കിലും വരയിലും

ഒരു നിഴലിന്റെ മഷിപ്പാട്!
ലഹരി നുണയുന്ന
ചിന്തയുടെ കാലുഷ്യങ്ങളിൽ
ദിനവും കാലവും
പാദപതനം കേൾപ്പിക്കാതെ
കടന്നുപോകവെ
നിഴലും ഞാനുമുറ്റ ചങ്ങാതി

ഒടുവിൽ
ആയുസ്സിന്റെ
വാർഷിക റിപ്പോർട്ടുകളിൽ
തെറ്റുകളുടെ മഷിയടയാളം

വീണക്ഷരം വികൃതമാകവെ
ഒരു നാളൊരുച്ചയുറക്കത്തിൽ
നെഞ്ചിൻ പതപ്പിൽ നിന്നും
ജീവൻ പറിച്ചെടുക്കവെ
നിഴൽ പറഞ്ഞു
'യാത്ര അവസാനിച്ചിരിക്കുന്നു'-
ആയുസ്സും

കാഴ്ചകൾ മാഞ്ഞ
വെറും നിലത്ത്
വിരലുകൾ കൂട്ടിക്കെട്ടി
നിഴലില്ലാതെ ഞാൻ!